പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

27.04.2017 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 770

# തോട്ടം തൊഴിലാളികൾ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ പലപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത താമസ സ്ഥലങ്ങളിലാണ് കഴിയുന്നതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി)സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്; | എ) & ബി) ഉണ്ട്. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് തോട്ടം തൊഴിലാളികൾക്ക് താമസ സൗകര്യം ഒരുക്കേണ്ട ബാദ്ധ്യത തോട്ടം ഉടമകൾക്കാണ്. തൊഴിലുടമകൾ തോട്ടം തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നുണ്ടോ എന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധിച്ച് വരുന്നുണ്ട്. ഇപ്രകാരം തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശം പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തൊഴിലുടമകൾക്ക് നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഭവനം ഫൗണ്ടേഷൻ ഓഫ് കേരള മുഖേന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന തോട്ടം മേഖലയിൽ സമഗ്ര സർവ്വേ 2016-ൽ നടത്തിയിരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വന്തമായി വീടും, ഭൂമിയും ഇല്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ മുഖേനയോ, കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ "ലൈഫ് മിഷൻ" മുഖേനയോ സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. പദ്ധതി പ്രകാരം<br><br>സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sq.ft ഉള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 sq.ft ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നു. ഇതിൽ 2 ബെഡ് റൂം, മൾട്ടി പർപ്പസ് റൂം അടുക്കള കുളിമുറി എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കും |
| (സി) തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഉറപ്പു വരുത്തുന്നതിനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ട നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | സി) ഇപ്പോൾ പരിഗണനയിലില്ല. |

Sreelekha

സെക്ഷൻ ഓഫീസർ